STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.259/PR/SPMC/PHQ/2025 Date: 02.09.2025

## ഗതാഗത നിയമങ്ങൾ പാലിക്കാം ഓണം ആഘോഷിക്കാം

ഓണാഘോഷകാലത്തു സംസ്ഥാനത്ത് വാഹനാപകടകങ്ങൾ വർധിക്കുന്ന പ്രവണത മുൻനിർത്തി കേരളത്തിലെ വാഹനയാത്രക്കാർ ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണെന്നു കേരള പോലീസ് ട്രാഫിക് & റോഡ് സേഫ്റ്റി മാനേജ്മെന്റ് അറിയിച്ചു.

അമിതവേഗം, അശ്രദ്ധമായ ഓവർടെയ്ക്കിങ് ഒഴിവാക്കുക.

ലഹരി പദാർത്ഥങ്ങൾ ഉപയോഗിച്ചു വാഹനം ഓടിക്കരുത്.

ഹെൽമറ്റ്, സീറ്റ് ബെൽറ്റ് എന്നിവ നിർബന്ധമായും ധരിക്കുക.

ലെയിൻ ട്രാഫിക് നിയമം പാലിക്കുക.

നിഷ്കർഷിച്ചിരിക്കുന്ന സ്ഥലങ്ങളിൽ മാത്രം വാഹനങ്ങൾ പാർക്ക് ചെയ്യുക.

കഴിഞ്ഞ വർഷം ഓണക്കാലത്തെ പത്ത് ദിവസത്തെ ഓണാഘോഷ വേളയിൽ സംസ്ഥാനത്ത് 1629 റോഡ് അപകടങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടു. അവയിൽ 161 പേർ മരണപ്പെടുകയും 1261 പേർക്ക് ഗുരുതര പരിക്കുകൾ സംഭവിക്കുകയും ചെയ്തു.

ഈ ഓണക്കാലം ജീവനും സുരക്ഷയും മുൻനിർത്തി ഉത്തരവാദിത്വത്തോടെ ഓണം ആഘോഷിക്കാം. നിരത്തുകളിലെ തിരക്ക് മനസ്സിലാക്കി, ഗതാഗത നിയമങ്ങൾ പാലിച്ച്, ജാഗ്രതയോടെ പെരുമാറി എല്ലാപേരുടെയും ജീവൻ സുരക്ഷിതമാക്കാം.

നിരത്തുകളിൽ നിയമലംഘനം ശ്രദ്ധയിൽപെട്ടാൽ റോഡ് സുരക്ഷാ മാനേജ്മെന്റിന്റെ ശുഭയാത്ര പദ്ധതിയുടെ വാട്സാപ്പ് നമ്പരായ 9747001099ൽ അറിയിക്കാവുന്നതാണ്.

*********************